**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 693   02/12/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ അട്ടപ്പാടിയിൽ എത്ര ശിശുമരണം നടന്നിട്ടുണ്ടെന്ന് പറയാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 63 ശിശുക്കൾ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ അമ്മമാരിലും കുഞ്ഞുങ്ങളിലുമായി കണ്ടെത്തിയ പോഷകാഹാരക്കുറവു കാരണമാണ് ഇപ്രകാരം തുടർച്ചയായി ശിശുമരണം നടക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഗർഭിണിയായിരിക്കുമ്പോൾ മാതാവിന്റെ പോഷകാഹാരക്കുറവ് മൂലം വേണ്ടത്ര വളർച്ചയില്ലാതെയും മാസം തികയാതെയുമുള്ള പ്രസവമാണ് ശിശുമരണങ്ങൾക്കുള്ള പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരും മറ്റ് ഏജൻസികളും നടത്തിയ പഠന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടി വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 0 – 5 വയസ്സ് വരെ പ്രായത്തിലുള്ള കുട്ടികളുടെ ഫോട്ടോ, തൂക്കം, ഉയരം ഇവയെടുത്ത് ന്യൂട്രിഷണൽ സ്റ്റാറ്റസ് വിലയിരുത്തിയതിൽ കടുത്ത പോഷകാഹാര ക്കുറവുള്ളതായി കണ്ടെത്തിയ 200 കുട്ടികൾക്ക് അഗളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ന്യൂട്രിഷണൽ റീഹാബി ലിറ്റേഷൻ സെന്ററിലും അധിക പോഷണ പരിചരണം നൽകി വരികയാണ്. |
| (ഡി) | ഈ മേഖലയിലെ തുടർച്ചയായ ശിശുമരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; | (ഡി) | ശിശുമരണങ്ങൾ തടയുന്നതിന് കൈക്കൊണ്ട നടപടികൾ നിയമസഭയെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ നിയമസഭയിൽ നൽകിയ ഉറപ്പുകൾ ഗൗരവമായിക്കണ്ട് അവ പാലിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ; | (ഇ) & (എഫ്) | മാസം തികയാതെയുള്ള ജനനം, തന്മൂലമുള്ള ന്യൂമോണിയ, ശ്വാസ തടസ്സം, ജന്മനായുള്ള ഹൃദയതകരാർ, തലച്ചോറിന്റെ വളർച്ച കുറവ് തുടങ്ങിയ കാരണങ്ങളാൽ 13 ശിശുമരണങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (എഫ്) | ശിശുമരണം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന ഉറപ്പ് നൽകിയതിനുശേഷം എത്ര കുട്ടികൾ മരിച്ചിട്ടുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അതിനെ തുടർന്ന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**